| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.309 | | 08/02/2016 ൽ മറുപടിക്ക് | |
| <u>എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെയുള്ള അന്വേഷണം</u> | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.രാജു എബ്രഹാം | | **ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി )** | |
| (എ) | എക്സൈസ് വകുപ്പുമന്ത്രിക്ക് എതിരെ തൃശ്ശൂർ വിജിലൻസ് കോടതിയിൽ വന്ന ഹർജിയിൽ, വാദം കേട്ട കോടതി Cr PC സെക്ഷൻ 156(3) അനുസരിച്ച് 156(1) പ്രകാരമുള്ള അന്വേഷണത്തിനുത്തരവിട്ടത് ഏത് തീയതിയിലായിരുന്നു; | (എ) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടുള്ള അന്വേഷണത്തിനുത്തരവിട്ടത് 23.01.2016 തീയതിയിൽ ആയിരുന്നു. |
| (ബി) | മന്ത്രിക്ക് കൈക്കൂലി നൽകിയത് സംബന്ധിച്ചുള്ള തെളിവുകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് ക്വിക്ക് വെരിഫിക്കേഷൻ കോടതി ഇട്ട ഉത്തരവ് പ്രകാരം അന്വേഷണം ആരംഭിച്ചത് എന്നായിരുന്നു; ആരുടെ അന്വേഷണത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ് അന്വേഷിച്ചത്; | (ബി) | പ്രസ്തുത സത്വരാന്വേഷണം 17.12.2015 തീയതിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീ.കെ.എം. ആന്റണി (പോലീസ് സൂപ്രണ്ട്, സെൻട്രൽ റെയ്ഞ്ച്, എറണാകുളം) യാണ് അന്വേഷിച്ചത്. ശ്രീ.കെ.എം. ആന്റണി ട്രാൻസ്ഫർ ആയതിനു ശേഷം 1.1.2016 തീയതി മുതൽ ശ്രീമതി.ആർ.നിശാന്തിനി ഐ.പി.എസിന്റെ നേതൃത്വത്തിൽ പ്രസ്തുത അന്വേഷണം പുരോഗമിക്കുന്നു. |
| (സി) | കോടതി നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ തന്നെ (23.01.16) അന്വേഷണം നടത്തി റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു; | (സി) | ബഹുമാനപ്പെട്ട കോടതി പ്രസ്തുത അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ തീയതി നിശ്ചയിച്ചിരുന്നില്ല. |
| (ഡി) | മന്ത്രിക്ക് എതിരെ കേസെടുക്കാൻ പര്യാപ്തമായ തെളിവുകൾ വിജിലൻസിന്റെ ഫയലുകളിൽ തന്നെ ഉണ്ടായിരുന്നിരിക്കേ, അദ്ദേഹത്തെ പ്രതി ചേർത്ത് ഉടൻ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാതിരുന്നത് വിജിലൻസ് കോടതിയുടെ വിമർശനങ്ങൾക്കിടയാക്കിയിട്ടുണ്ടോ ; കോടതിയുടെ വിമർശനങ്ങൾ എന്തെല്ലാമായിരുന്നു; | (ഡി) | ബഹുമാനപ്പെട്ട കോടതിയുടെ ക്യൂക്ക് വെരിഫിക്കേഷനുള്ള ഉത്തരവിന് മുമ്പ്, പ്രസ്തുത ആരോപണങ്ങളിൽ അന്വേഷണം നടത്തി ലഭിച്ച റിപ്പോർട്ട് അടിസ്ഥാനമാക്കി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് വിജിലൻസ് കേസന്വേഷണം നടത്താൻ സാധിക്കുമായിരുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതി ക്യൂക്ക് വെരിഫിക്കേഷന് ഉത്തരവിട്ട് ഒന്നരമാസമായിട്ടും പൂർത്തിയാക്കാത്തതിനാലാണ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ ഉത്തരവായത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കെതിരെ വിമർശനങ്ങൾ ഒന്നും ഉത്തരവിലില്ല. |

| | | | |
|---|---|---|---|
| (ഇ) | വിമർശനങ്ങൾ ഉൾക്കൊള്ളാനും കോടതി നിർദ്ദേശിച്ച അന്വേഷണം ത്വരിതഗതിയിൽ നടത്താനും വിജിലൻസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏത് തീയതിക്കകം റിപ്പോർട്ട് നൽകാനാണ് കോടതി അന്തിമ നിർദ്ദേശം നൽകിയിരിക്കുന്നത്; | (ഇ) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നടത്തി വരുന്ന പ്രസ്തുത അന്വേഷണം 10 ദിവസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (എഫ്) | കോടതി നിർദ്ദേശത്തെത്തുടർന്ന് ആരെയെല്ലാം പ്രതികളാക്കി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയുണ്ടായി; ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണ റിപ്പോർട്ട് ഏത് തീയതിയിൽ കോടതിയിൽ സമർപ്പിക്കാൻ സാധ്യമാകും എന്ന് വെളിപ്പെടുത്താമോ? | (എഫ്) | 23.1.2016 തീയതിയിലെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവിൽ തന്നെ പ്രസ്തുത ഉത്തരവ് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളുടെ ഉത്തരവിന് വിധേയമായിരിക്കും എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി ടി ഹർജിയിൽ അന്തിമ വാദം നാലാഴ്ച കഴിഞ്ഞു നടത്താൻ നിശ്ചയിച്ചിട്ടുള്ളതിനാൽ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ കഴിയുമായിരുന്നില്ല. അതിനാൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ